# Saju Chackalackal CMI, Provincial

Welcome for the Funeral Ceremonies (Bharathamatha, Palakkad, 1 June 2021)



വിനീതച്ചനെ യാത്രയാക്കുവാനായി നാം ഒരുമിച്ചു കൂടുന്ന ഈ അവസരത്തിൽ എൻെറ മനസ്സിലൂടെ കടന്ന് പോകുന്ന നിരവധി അനുഭവങ്ങളും ഓർമ്മകളുമുണ്ട്. 1985ൽ ബഹുമാനപ്പെട്ട വിനീതച്ചന് 50 വയസ്സുള്ളപ്പോഴാണ്, ഒരു വിദ്യാർത്ഥിയായിരിക്കെ, ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നതും, അടുത്ത് ഇടപഴകുവാൻ അവസരമുണ്ടാകുന്നതും. കഴിഞ്ഞ 36 വർഷം നീണ്ട ഒരു ഗുരു-ശിഷ്യ ബന്ധം, ഒരു പിതൃ-പുത്ര ബന്ധം, ഒരു സുഹൃദ് ബന്ധം എന്നെല്ലാം അതിനെ വിശേഷിപ്പിക്കാം. ഒരു സാധാരണ വിദ്യാർത്ഥിയായി ഞാൻ തത്വശാസ്ത്രം പഠിക്കുവാൻ ആരംഭിച്ചതിനുശേഷം അദ്ദേഹത്തിൻെറ പേഴ്സണൽ സെക്രട്ടറിയായി. അതിനുശേഷം വളരെ അടുത്ത് ഇടപഴകി പല കാര്യങ്ങളിലും അദ്ദേഹവുമായി ബന്ധപ്പെട്ട്, വളരെ അടുത്ത് അറിയാൻ കഴിഞ്ഞ 36 വർഷത്തെ അനുഭവങ്ങളുണ്ടായിരുന്നു. ഒരു പ്രൊഫസർ എന്ന നിലയ്ക്ക് ആരംഭിച്ച ബന്ധമായിരുന്നെങ്കിലും ഒരു ഗുരുതുല്യമായിട്ടുള്ള ബന്ധവും, അതിനുശേഷം ഒരു ഗുരുശ്രേഷ്ഠ സ്ഥാനവും അദ്ദേഹത്തിന് എൻെറ ജീവിതത്തിൽ ഞാൻ കൊടുത്തിരുന്നു. അതും കടന്ന്, എനിക്ക് പിതൃതുല്യനായിട്ടു തന്നെയാണ് വിനീതച്ചനെ ഞാൻ എൻെറ ജീവിതത്തിൽ എന്നും അനുഭവിച്ചിട്ടുള്ളത്. ഒരു പക്ഷേ എൻെറ മാതാപിതാക്കളേക്കാൾ ഏറെ എൻെറ വളർച്ചയിലും ഉയർച്ചയിലും എല്ലാം കണ്ട് കൂടുതൽ സന്തോഷിച്ചിരുന്ന വ്യക്തിയാണ് വിനീതച്ചൻ എന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണോ എന്ന് എനിക്കറിയില്ല, ഇന്നലെ കുരിയച്ചിറ ക്രിമറ്റോറിയത്തിൽ – അത് ഗ്യാസ് ക്രിമറ്റോറിയമാണ് – ക്രിമേഷൻ തുടങ്ങുന്നതിനു മുമ്പ് അവിടുത്തെ ജോലിക്കാർ ക്രിമേഷനുവേണ്ടി ദീപം എൻെറ കൈയിൽ തന്നിരുന്നു: ഹൈന്ദവ ആചാരപ്രകാരം ചിന്തിക്കുകയാണെങ്കിൽ, ചിതയ്ക്ക് തീകൊളുത്തുവാനായിട്ട്... ഞാൻ അതിന് യോഗ്യനല്ലെങ്കിലും, പുത്രസമാനം ഞാനായിരുന്നു ആ തീ തെളിക്കുവാൻ ഇടവന്നത്. ദൈവപരിപാലനയിൽ ഞാൻ അത് ഒരു ഭാഗ്യമായി കരുതുന്നു.



ഏറ്റവും ആരംഭത്തിലെ രണ്ട് കൊച്ചനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എറ്റവുമാദ്യം ബാംഗ്ലൂരിൽ ചെന്നതിനുശേഷം ഞാൻ മുഴുവനായും വായിച്ച ആദ്യത്തെ പുസ്തകം വിനീതച്ചൻ എഴുതിയ Foundation of the World Vision ആണ്. വിനീതച്ചന്റെ എല്ലാ വിദ്യാർത്ഥികളും, വിനീതച്ചന് ശേഷമുള്ള എല്ലാ ക്ലാസിലെ വിദ്യാർത്ഥികളും വായിച്ചിട്ടുള്ള പുസ്തകമായിരിക്കുമത്. ഈ Foundation of the World Vision വായിച്ച് അതിന്റെ നോട്ട് തയ്യാറാക്കുന്നതിന്റെ ആവശ്യം ഉണ്ടായിരുന്നു. ഒരു പക്ഷെ സി.എം.ഐ. സന്ന്യാസ സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾക്കും അവരുടെ world vision രൂപപ്പെടുത്തുന്നതിനുള്ള, ഒരു ഫൗണ്ടേഷൻ രൂപപ്പെടുത്തുന്നതിന്, അദ്ദേഹത്തിന്റെ കാഴ്ചപാടുകൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം കാരണമായി തീർന്നിട്ടുണ്ട്. എന്നെ തീർച്ചയായും ഒത്തിരിയേറെ സ്വാധീനിച്ചിട്ടുള്ള ബഹുമാനപ്പെട്ട വിനീതച്ചന്റെ ചിന്തകൾ ആ പുസ്തകത്തിൽ അദ്ദേഹം കുറിച്ചു വെച്ചിട്ടുണ്ട്.

ധർമ്മാരാമിൽ ഒരു വിദ്യാർത്ഥിയായിരിക്കെ 1980കളിൽ എന്നെ സ്പർശിച്ചിട്ടുള്ള മറ്റൊരു വളരെ ആഴമേറിയ അനുഭവമുണ്ട്. പലപ്പോഴും ഡിപ്പാർട്ട്മെൻറിന്റെ ജോലികളുമായിരുന്ന്, latenight ജോലി കഴിഞ്ഞ് പാതിരാസമയത്ത് മുറിയിലേക്ക് പോകുന്നതിനു മുൻപ് ഞാൻ താമസിച്ചിരുന്ന ബ്ലോക്കിന്റെ അടിയിലുള്ള 'ബെഞ്ചമിൻ ചാപ്പൽ' എന്ന് പണ്ട് അറിയപ്പെട്ടിരുന്ന ആ ചാപ്പലിൽ ഒരു വിസീത്തയ്ക്കു വേണ്ടി കയറുന്ന സമയത്ത്, പാതിരാസമയത്ത് – അല്ലെങ്കിൽ പാതിരാകഴിഞ്ഞിട്ടുള്ള സമയമാണ് – വിനീതച്ചൻ ധർമ്മാരാമിൽ ഉള്ള ദിവസങ്ങളാണെങ്കിൽ, മിക്കവാറും ഈ പാതിരാസമയത്ത് ആ ചെറിയ ചാപ്പലിന്റെ പിറകിൽ ചമ്രപടിയിൽ അദ്ദേഹം ധ്യാനതുല്ല്യനായി ഇരിക്കുന്നുണ്ടാവും. എന്നെല്ലാം പാതിരാത്രിക്ക് ഞാൻ ആ ദേവാലയത്തിൽ കയറിയിട്ടുണ്ടോ അന്നെല്ലാം വിനീതച്ചനെ ആ ചാപ്പലിൽ ധ്യാന നിമഗ്നനായികണ്ടിട്ടുണ്ട്. 86 വർഷം നീണ്ട അദ്ദേഹത്തിന്റെ ജീവിതയാത്രയിൽ അദ്ദേഹം നേടിയെടുത്ത, അദ്ദേഹത്തിന്റേതായിട്ടുള്ള വ്യക്തിത്വവും, അദ്ദേഹത്തിന്റേതായിട്ടുള്ള ആദ്ധ്യാത്മികതയും, അദ്ദേത്തിന്റേതായിട്ടുള്ള ജീവിതകാഴ്ചപ്പാടും ശൈലിയും എല്ലാം ഈ യേശു ഗുരുമുഖത്തു നിന്നും അദ്ദേഹം ആർജിച്ചെടുത്തതാണെന്ന് ഞാൻ വിശ്വസിക്കുന്നു. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യത്തിന്റെ സന്നിധിയിലായിരുന്ന് – പകലെല്ലാം അദ്ദേഹം തിരക്കിലായിരിക്കും: അദ്ദേഹത്തിന്റെ scientific publications ആകാം, നിരവധി ക്ലാസുകൾ ആകാം... എന്തൊക്കെയായിരുന്നാലും, രാത്രിയുടെ അന്ത്യയാമങ്ങളിൽ ഈശോയുടെ സന്നിധിയിൽ മണിക്കൂറുകൾ ചിലവിടാൻ അദ്ദേഹത്തിനു സമയമുണ്ടായിരുന്നു. അങ്ങനെ ഈശോയുടെ സന്നിധിയിലിരുന്ന്, ഈശോയെ ഉപാസിച്ച്, അദ്ദേഹം ആർജിച്ചെടുത്ത അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയാണ് വിനീതച്ചനെ വിനീതച്ചനാക്കിയത്.

ഇന്ന് നാം അദ്ദേഹത്തിന് യാത്ര പറയുവാനായി ഇവിടെ ഒരുമിച്ച് കൂടിയിരിക്കുമ്പോൾ ഇവിടെയുള്ളവർക്കും, ദൂരെ ആയിരുന്നുകൊണ്ട് ഈ കർമ്മങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഞാൻ വിനീതച്ചന്റെ പേരിൽ നന്ദി അറിയിക്കുക



യാണ്. അദ്ദേഹത്തോട് കൂടെ, അദ്ദേഹത്തിന്റെ ജീവിതത്തിൽ അനുയാത്ര ചെയ്യതിന്.

ഇന്ന് ഈ തിരുകർമ്മൾക്ക് വേണ്ടിയിട്ട് ഔദ്യോഗികമായി നമ്മോട് കൂടെ ആയിരിക്കുന്ന സി.എം.ഐ. സന്യാസ സമൂഹത്തിന്റെ വികാരി ജനറാളായ ബഹുമാനപ്പെട്ട ജോസി താമരശ്ശേരിയച്ചന് പ്രേഷിത പ്രോവിൻസിന്റെ പേരിലും, ഇവിടെ കൂടിയിരിക്കുന്ന എല്ലാവരുടെ പേരിലും, വളരെ പ്രത്യേകമായി



വടക്കേത്തല കുടുംബാംഗങ്ങളുടെ പേരിലും, ഞാൻ സ്നേഹപൂർവ്വം സ്വാഗതം ആശംസിക്കുകയാണ്. നമ്മോട് കൂടെ ഇന്ന് ഈ അന്തിമോപചാരം അർപ്പിക്കുന്ന പരിപാടികളിൽ, പ്രത്യേകിച്ചും ഇന്നത്തെ ഈ ദിവ്യബലിയർപ്പണത്തിൽ നമ്മോട് കൂട്ടുചേരുവാൻ വേണ്ടി വന്നിരിക്കുന്ന തൃശ്ശൂർ ദേവമാത പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ ബഹുമാനപ്പെട്ട ഡേവിസ് പനക്കലച്ചന് ഏറ്റവും ഊഷ്മളമായ സ്വാഗതം ഞാൻ ആശംസിക്കുകയാണ്. നമ്മോടു കൂടെയായിരിക്കുന്ന ജോൺസൻ വലിയകുളത്തിലച്ചൻ, പ്രവിശ്യയുടെ മറ്റ് കൗൺസിലച്ചന്മാർ, പ്രൊവിൻഷ്യൽ ഓഡിറ്റർ, ഈ ആശ്രമത്തിന്റെ പ്രിയോർ റൂപ്പർട്ട് പാനിക്കുളമച്ചൻ, പാലന ആശുപത്രി ഡയറക്ടർ വാൾട്ടർ അച്ചൻ, ധർമ്മാരാമിൽനിന്ന് വന്നിരിക്കുന്ന വൈദികർ, പ്രത്യേകിച്ചും ജോസ് നന്തിക്കരയച്ചൻ, വിനീതച്ചന്റെ കൂടപ്പിറപ്പായ തോമസ് ചേട്ടനും കുടുംബാംഗങ്ങൾക്കും ഒത്തിരിയേറെ സ്നേഹത്തോടെ സ്വാഗതം ആശംസിക്കുകയാണ്.

നമുക്കെല്ലാവർക്കും ഒന്നുചേർന്ന്, വിനീതച്ചനോട് ചേർന്ന്, കർത്താവിന് നന്ദിയുടെ ബലിയർപ്പിക്കാം എന്നാണ് ഞാൻ നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്നത്. വിനീതച്ചനാകുന്ന ഈ ദിവ്യദാനത്തിനുവേണ്ടിയിട്ട് കർത്താവിന്റെ സന്നിധിയിൽ നമുക്ക് നന്ദിയർപ്പിക്കാം. അതോടൊപ്പം അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുള്ള എല്ലാവരോടും ചേർന്ന് എനിക്കും വിനീതച്ചനോട് ചോദിക്കുവാനായിട്ടുള്ളത് ഏലിയാ പ്രവാചകൻ സ്വർഗ്ഗത്തിലേക്ക് യാത്രപുറപ്പെടും മുമ്പ് അദ്ദേഹത്തിന്റെ ശിഷ്യനായ ഏലീശാ പ്രവാചകൻ ചോദിച്ചതു തന്നെയാണ്: അങ്ങയുടെ തീക്ഷണതയുടെ ഇരട്ടി ഞങ്ങൾക്കോരോരുത്തർക്കും തരണമേ എന്ന പ്രാർത്ഥന. ഈ പ്രാർത്ഥന ദൈവസന്നിധിയിൽ അർപ്പിച്ചുകൊണ്ട്, ഒരിക്കൽകൂടെ എല്ലാവരെയും ഈ ബലിയിലേക്കും മറ്റ് കർമ്മങ്ങളിലേക്കും സ്വാഗതം ചെയ്തുകൊണ്ടും, വിനീതച്ചന്റെ സാന്നിദ്ധ്യം അനുസ്മരിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിന് കർത്താവിന്റെ സന്നിധിയിൽ നന്ദിയർപ്പിച്ചുകൊണ്ടും, ഈ ബലിയർപ്പിക്കുവാനായി ഏവരേയും സ്വാഗതം ചെയ്യുന്നു.